ഇതാദ്യമായാണ് നമ്മുടെ യൂറോപ്യൻ സമ്മേളനങ്ങൾ ബെർലിനിൽ വച്ചു നടക്കുന്നത്. ബെർലിൻ വലിയ വൈവിധ്യങ്ങളുടെ നഗരമാണ്, ഭാവിയിലേയ്ക്ക് തിരിഞ്ഞിരിക്കുന്നെങ്കിലും വേദനാജനകമായ ഭൂതകാല ഓർമ്മകളെയും ഒന്നിച്ച് കൊണ്ടുപോകാൻ ശ്രമിക്കുന്ന നഗരം. വിഷമസന്ധികളിൽ നിരുത്സാഹരാകില്ല എന്ന് നഗരത്തിലെ ജനസമൂഹം തെളിയിക്കുന്നു. ന്യൂനപക്ഷമെങ്കിലും ക്രൈസ്തവർ അവിടെ സുവിശേഷം ജിവിക്കാൻ പരിശ്രമിക്കുന്നു. വിവിധ വിഭാഗങ്ങളിൽപ്പെടുന്നവരെങ്കിലും അവരുടെ പൊതുവായ സാക്ഷ്യവും സഭൈക്യപങ്കാളിത്തവും അവരുടെ ഇഷ്ടത്തേക്കാളുപരി ജീവനപരമായ അനിവാര്യതയാണ്. പല ഇടവകളും സന്യാസഭവനങ്ങളും അഗതികൾ സ്വാഗതം ചെയ്യപ്പെടുന്ന മാനുഷിക ദൃഢഐക്യത്തിന്റെ ഇടങ്ങളാണ്. ബെർലിനിലേയ്ക്കുള്ള ഒരു തെയ്സെ ബ്രദറിന്റെ ആദ്യ സന്ദർശനം 1955 ലായിരുന്നു. 1961ൽ രണ്ടു നഗരങ്ങളെയും കീറിമുറിച്ചുകൊണ്ട് ബെർലിൻ മതിൽ നിർമ്മിക്കപ്പെട്ടപ്പോൾ ബ്രദേഴ്സ് കിഴക്കൻ ബെർലിനിലേയ്ക്കുള്ള അവരുടെ സന്ദർശനങ്ങൾ വർദ്ധിപ്പിച്ചു. 1980കളിൽ അവിടെ പല പ്രാർത്ഥനാ സമൂഹങ്ങളും രൂപപ്പെട്ടു. 1980 ൽ ബ്രദർ റോജർ 'വിശ്വാസത്തിന്റെ തീർത്ഥാടന'ത്തിന്റെ ഒരു ഘട്ടത്തിനായി ബെർലിനിൽ എത്തി. അവിടെ പ്രാർത്ഥനാ ശുശ്രൂഷ നടത്താൻ കമ്മ്യൂണിസ്റ്റ് അധികാരികളിൽ നിന്ന് അനുവാദം വാങ്ങേണ്ടത് ആവശ്യമായിരുന്നു. ഒരേ സമയം രണ്ടു വലിയ ദൈവാലയങ്ങളിലായി, ഒന്ന് കത്തോലിക്കാ ദേവാലയവും മറ്റേത് പ്രൊട്ടസ്റ്റന്റും, കിഴക്കൻ ജർമ്മനിയിൽ നിന്നുള്ള 6000 യുവജനങ്ങളെ ഒന്നിച്ചു കൂട്ടി. പശ്ചിമ ഭാഗത്തുനിന്നും ആരുമുണ്ടാവരുതെന്ന നിബന്ധനയിലാണ് അന്ന് അനുവാദം ലഭിച്ചത്. ആ കാലഘട്ടം അവസാനിച്ചു. ലോകമെങ്ങും വിശ്വാസം പകരാൻ വേണ്ടി വിഭജനത്തിന്റെ മതിലുകൾ ചാടിക്കടക്കാൻ ശ്രമിക്കുന്നവർക്കുള്ള അടയാളമാണ് ബെർലിൻ.

# തെയ്സെയിൽ നിന്നുള്ള കത്ത്

## 2012 ലെ കത്ത്

### പുതിയൊരു ദൃഢഐക്യത്തിലേക്ക്

മനുഷ്യരുടെയിടയിൽ കുടുംബങ്ങളിലും, സമൂഹങ്ങളിലും, ഗ്രാമങ്ങളിലും നഗരങ്ങളിലും, രാജ്യങ്ങൾ തമ്മിലും ഭൂഖണ്ഡങ്ങളിലും എല്ലാ തലങ്ങളിലും പുതിയ ദൃഢഐക്യം ഉണ്ടായി വരണമെങ്കിൽ ധീരമായ തീരുമാനങ്ങൾ ആവശ്യമാണ്[1]. മനുഷ്യസമൂഹത്തിന്റെയും ഭൂമിയുടേയും മേൽ ഭാരം ചുമത്തുന്ന വിപത്തുകളേയും ദുരിതങ്ങളേയും കുറിച്ച് ബോധവാൻമാരായതുകൊണ്ടു തന്നെ ഭയത്തിനും നമ്മെത്തന്നെ വിട്ടുകൊടുക്കാൻ നാം തയ്യാറല്ല[2].മോഹഭംഗങ്ങൾ മനുഷ്യന്റെ പ്രത്യാശയ്ക്ക് നിരന്തരം ഭീഷണിയുയർത്തുന്നു. ഭാരമേറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും ചിലപ്പോഴൊക്കെ താങ്ങാവുന്നതിലധികമാകുന്ന സമൂഹങ്ങളുടെ സങ്കീർണ്ണതകളും, പ്രകൃതി ദുരന്തങ്ങൾക്കു മുന്നിലുള്ള നിസ്സഹായതയുമെല്ലാം പ്രത്യാശയുടെ നാമ്പുകളെ ശ്വാസം മുട്ടിക്കുന്നു.[3]

ദൃഢഐക്യത്തിന്റെ പുതിയ രൂപങ്ങൾ സൃഷ്ടിക്കാനായി വിശ്വാസത്തിന്റെ നീരുറവകൾ തുറക്കാനുള്ള വലിയ ശ്രമം നടത്തേണ്ട സമയമായില്ലേ?.

1. മാനവദൃഢഐക്യം എല്ലായ്പ്പോഴും അനിവാര്യമായിരുന്നെങ്കിലും പുതിയ രീതികളിൽ പ്രകടമാക്കിക്കൊണ്ട് അത് നിരന്തരം പുതുക്കുകയും സജീവമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ചരിത്രത്തിലെങ്ങുമില്ലാത്തതുപോലെ ഇന്നത്തെ യുവതലമുറയ്ക്ക് പ്രകൃതി വിഭവങ്ങളുടെ നീതിപൂർവ്വകമായ പങ്കുവയ്ക്കലിനായി ഒരുങ്ങേണ്ടത് ആവശ്യമാണ്. ഓരോ രാജ്യത്തിനകത്തും ഭൂഖണ്ഡങ്ങൾ തമ്മിലുള്ള ന്യായമായ സമ്പത്തു പങ്കുവയ്ക്കൽ.

2. പുതിയ ദൃഢഐക്യത്തിനായുള്ള ഒരു പ്രചോദനം സാദ്ധ്യമാണ്. അതിനെ പരിപോഷിപ്പിക്കുന്നത് ലോക ചരിത്രം മുൻനിശ്ചയപ്രകാരം ഉണ്ടായതല്ല എന്ന ബോദ്ധ്യമാണ്. മറ്റു പലതിനോടുമൊപ്പം നമുക്ക് ഈ ഉദാഹരണങ്ങൾ ഓർമ്മയിലേക്ക് കൊണ്ട് വരാം. രണ്ടാം ലോകമഹാ യുദ്ധത്തിനു ശേഷം ഏതാനും രാഷ്ട്രീയ നേതാക്കൾ, പ്രതീക്ഷയ്ക്ക് യാതൊരു സാദ്ധ്യതയുമില്ലാതിരുന്നിട്ടും പ്രതീക്ഷയോടെ അനുരഞ്ജനത്തിൽ വിശ്വസിച്ചുകൊണ്ട് ധീരതയോടെ ദൃഢഐക്യത്തിലുള്ള യൂറോപ്പിനെ പടുത്തുയർത്താൻ ആരംഭിച്ചു. 1986 ൽ സമാധാനപരമായ വിപ്ലവം ഫിലിപ്പൈൻസിനെ അടിമുടി രൂപാന്തരപ്പെടുത്തി., മഹത്തായ പോളിഷ് മുന്നേറ്റം (സോളിഡാരിറ്റി) പല യൂറോപ്യൻ രാജ്യങ്ങൾക്കും അക്രമരഹിതമായി സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വഴി ഒരുക്കി. 1989 ലെ ബെർലിൻ മതിലിന്റെ തകർച്ച അതിനു കുറച്ചു വർഷങ്ങൾക്കു മുമ്പ് ഭാവനയിൽ പോലും കാണാൻ കഴിയുന്ന കാര്യമായിരുന്നില്ല. അതേസമയം ലാറ്റിനമേരിക്കൻ രാജ്യങ്ങൾ ജനാധിപത്യ ത്തിലേയ്ക്കുള്ള വഴിയിൽ സഞ്ചരിച്ചു തുടങ്ങി. ഏറ്റവും ദരിദ്രരായവർക്ക് താമസം ആനുകൂല്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ സ്വപ്നത്തിൽ പോലും കാണാത്ത സാമ്പത്തിക പുരോഗതിക്കു തുടക്കം കുറിച്ചു. ദക്ഷിണാഫ്രിക്കയിലെ വർണ്ണ വിവേചനത്തിന്റെ അന്ത്യവും നെൽസൺ മണ്ടേലയുടെ വിരിച്ച കരങ്ങളും എല്ലാ പ്രതീക്ഷകൾക്കുമപ്പുറത്തുള്ള അനുരഞ്ജനത്തിലേയ്ക്ക് നയിച്ചു. ഏറ്റവുമടുത്ത് വടക്കേ അയർലന്റിലെയും ബാസ്ക് രാജ്യങ്ങളിലെയും രാഷ്ട്രീയ അക്രമങ്ങളുടെ അന്ത്യവും നാം കണ്ടു.

3. ലോകസാമ്പത്തിക രംഗത്തെ ഉയർച്ച താഴ്ചകൾ നമ്മോട്

ഒരു മനുഷ്യനോ സമൂഹത്തിനോ വിശ്വാസമില്ലാതെ ജീവിക്കുക സാദ്ധ്യമല്ല. വിശ്വാസം വഞ്ചിക്കപ്പെടുമ്പോൾ അതിന്റെ മുറിവുകൾ ആഴത്തിലുള്ള പാടുകൾ അവശേഷിപ്പിക്കുന്നു.

വിശ്വാസമെന്നത് അന്ധമായ വിശ്വസിക്കലല്ല. അതൊരു വിലയില്ലാത്ത വാക്കല്ല. ഒരു തെരഞ്ഞെടുപ്പിന്റെ ഫലമാണത്, ആന്തരിക സംഘർഷത്തിന്റെ ഫലം. ഓരോ ദിവസവും ആകുലതയിൽ നിന്ന് വിശ്വസിക്കുന്നതിലേയ്ക്ക് ഒരിക്കൽ കൂടി ചുവട് വയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**മനുഷ്യരുടെയിടയിലുള്ള വിശ്വാസം**

വിശ്വാസത്തിനുള്ള വഴികൾ തുറക്കുന്നത് ഒരു അടിയന്തിരാവശ്യത്തോടുള്ള പ്രതികരണമാണ്. ആശയവിനിമയം കൂടുതൽ കൂടുതൽ എളുപ്പമായിക്കൊണ്ടിരിക്കുകയാണെങ്കിലും നമ്മുടെ മാനവ സമൂഹങ്ങൾ ചിതറിക്കപ്പെട്ടും വിഭജിക്കപ്പെട്ടവതുമായി തുടരുന്നു.

മതിലുകൾ ജനങ്ങൾക്കും ഭൂഖണ്ഡങ്ങൾക്കുമിടയിൽ മാത്രമല്ല നിലകൊള്ളുന്നത്, നമ്മോട് വളരെയടുത്തുമുണ്ട്, നമ്മുടെ മനുഷ്യഹൃദയത്തിനുള്ളിൽ പോലും വിവിധ രാജ്യക്കാർ തമ്മിലുള്ള മുൻവിധികളെക്കുറിച്ച് ആലോചിച്ചു നോക്കൂ കുടിയേറ്റക്കാരെപ്പറ്റി ചിന്തിക്കൂ, വളരെയടുത്ത് എങ്കിലും പലപ്പോഴും വളരെ അകലത്ത് മതങ്ങൾ ഇപ്പോഴും പരസ്പരം അജ്ഞരാണ്. ക്രിസത്യാനികളാകട്ടെ തങ്ങളിൽത്തന്നെ പലവിധ സമൂഹങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ലോകസമാധാനം നമ്മുടെ ഹൃദയങ്ങളിലാണ് ആരംഭിക്കുന്നത്.

ദൃഢഐക്യത്തിന് തുടക്കം കുറിക്കാൻ നാം മറ്റുള്ളവരുടെ അടുത്തേയ്ക്ക് പോകേണ്ടതുണ്ട്, ചിലപ്പോൾ വെറും കയ്യോടെ ശ്രവിച്ചുകൊണ്ട് നാം ചിന്തിക്കുന്നത് പോലെയല്ലാതെ ചിന്തിക്കുന്ന സ്ത്രീയെയോ പുരുഷനെയോ മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ട് ഇതിൽത്തന്നെ ഒരു പുരോഗതിയുമില്ലാത്ത അവസ്ഥയെ രൂപാന്തരപ്പെടുത്താൻ കഴിയും.

ഏറ്റവും ബലഹീനരായവരെ ഒരു തൊഴിൽ കണ്ടെത്താൻ കഴിയാത്തവരെ കൂടുതൽ ശ്രദ്ധിക്കാൻ നമുക്ക് ശ്രമിക്കാം. ഏറ്റവും ദരിദ്രരായവരോടുള്ള നമ്മുടെ പരിഗണന ഏതെങ്കിലും രീതിയിലുള്ള സാമൂഹ്യപ്രവർത്തനത്തിൽ ഉൾപ്പെട്ടുകൊണ്ട് നമുക്ക് പ്രകടിപ്പിക്കാൻ കഴിയും. കുറച്ചുകൂടി ആഴമേറിയ തലത്തിൽ, അത് എല്ലാവരോടുമുള്ള തുറവിയുടെ മനോഭാവമാണ്. നമ്മോട് ഏറ്റവും അടുത്തുള്ളവർ പോലും ഒരു തരത്തിൽ നമ്മെ ആവശ്യമുള്ള പാവപ്പെട്ടവരാണ്[4]. ദാരിദ്ര്യത്തിന്റെയും അനീതിയുടെയും മുമ്പിൽ ചിലർ മറുതലിക്കും അല്ലെങ്കിൽ ലക്ഷ്യമില്ലാത്ത ആക്രമങ്ങൾ നടത്താൻ പ്രലോഭിതരാകും. അക്രമത്തിന് സമൂഹത്തെ മാറ്റാനുള്ള വഴിയാകാൻ കഴിയില്ല[5].പക്ഷെ ഇവയുടെ അടിസ്ഥാന കാരണങ്ങളറിയാനായി ധാർമ്മികരോഷം പ്രകടിപ്പിക്കുന്ന യുവജനങ്ങളെ നാം ശ്രവിക്കേണ്ടതുണ്ട്.[6]

പുതിയ ദൃഢഐക്യത്തിനായുള്ള പ്രചോദനത്തെ പരിപോഷിപ്പിക്കുന്നത് ആഴത്തിൽ വേരൂന്നിയ ബോധ്യങ്ങളാണ്. പങ്കുവെയ്ക്കാനുള്ള ആവശ്യം അതിലൊന്നാണ്.[7] വിശ്വാസികളെയും അവിശ്വാസികളെയും മറ്റു മത വിശ്വാസികളെയും അവിശ്വാസികളെയും ഒരുമിച്ചുകൊണ്ടുവരുവാൻ ഇതിനിവാര്യമാണ്.

ചോദ്യങ്ങൾ ആരായുന്നുണ്ട്. ശക്തിയുടെ ഭൂരാഷ്ട്രീയ സന്തുലനം മാറിക്കൊണ്ടിരിക്കുകയാണ്. അസമത്വങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. ഇന്നലെയുടെ സുരക്ഷിതത്വങ്ങൾ ഇന്ന് താങ്ങാവില്ലെന്നു തെളിയിച്ചു കഴിഞ്ഞു. നാം നമ്മുടെ ജീവിതത്തിനു വേണ്ടിയെടുക്കുന്ന തെരഞ്ഞെടുപ്പുകളെ കുറിച്ച് മൗനം ചെയ്യാൻ ഇതൊരു കാരണമാവില്ലേ?.

4. ദാരിദ്ര്യം ഭൗതികജിവിതത്തിൽ മാത്രം ഉള്ളതല്ല. ജീവിതത്തിൽ അർത്ഥം കണ്ടെത്താൻ കഴിയാത്ത അവസ്ഥ, സുഹൃത്തുക്കളില്ലാത്ത അവസ്ഥ, കവിത, സംഗീതം, കല തുടങ്ങി സൃഷ്ട പ്രപഞ്ചത്തിന്റെ സൗന്ദര്യത്തിലേയ്ക്ക് നമ്മെ തുറവിയുള്ളവരാക്കുന്നു. ഏതു സമ്പത്തും അപ്രാപ്യമായ അവസ്ഥയുമൊക്കെ ദാരിദ്ര്യം തന്നെയാണ്.

5. 1989 ൽ ബെർലിൻ മതിൽ തകർന്നപ്പോൾ കിഴക്കൻ ജർമനിയിൽ തെരുവു പ്രകടനങ്ങൾ സംഘടിപ്പിച്ചവർ എല്ലാവരോടും കത്തുന്ന മെഴുകുതിരികൾ വഹിക്കാനാവശ്യപ്പെട്ടു. ഒരു കൈ മെഴുകുതിരി പിടിക്കാനും മറ്റേത് അതിനെ കാറ്റിൽ നിന്നും സംരക്ഷിക്കുന്നതിനുമായി ഉപയോഗിക്കുന്നതിനാൽ അക്രമം ചെയ്യാനായി കരങ്ങളുണ്ടാവില്ല.

6. മാഡ്രിഡിലെ 'ഇൻഡിഗ്നാഡോസ്' എന്ന മുന്നേറ്റത്തിൽ ഉൾപ്പെട്ട സ്പെയിനിലെ യുവാക്കൾ എനിക്കെഴുതി. "സ്ഥിതിഗതികൾ മെച്ചപ്പെടുന്നില്ലെങ്കിൽ എന്തും സംഭവിക്കാം. പലയാളുകളും തൊഴിൽരഹിതരാണ്. അവർക്ക് അവരുടെ ഭവനങ്ങളും അടിസ്ഥാന മനുഷ്യാവകാശങ്ങളും നഷ്ടമായി. നീതിപൂർവ്വകമല്ലാത്ത നിയമ, സാമ്പത്തിക, സാമൂഹ്യ വ്യവ്സ്ഥിതിയും ഭരണഘടനയിലുള്ള പൗരാവകാശങ്ങളായ വാസയോഗ്യമായ ഭവനവും മാനസിക ശാരീരിക സമഗ്രതയും ഉറപ്പാക്കാത്ത വ്യാജ ജനാധിപത്യവും ധാരാളം ചിന്താക്കുഴപ്പങ്ങളും രോഷവുമുണ്ടാക്കുന്നുണ്ട്. നിങ്ങൾ ചോദിച്ചു. തെയ്സെക്ക് ഞങ്ങൾക്ക് വേണ്ടി എന്ത് ചെയ്യാൻ കഴിയുമെന്ന്. ഞങ്ങളുടെ ഉത്തരം, നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതു തന്നെ നിങ്ങൾക്ക് തുടർന്നും ചെയ്യാൻ കഴിയും, ആന്തരിക സമാധാനം എങ്ങനെ കാത്തു സൂക്ഷിക്കാമെന്ന് ഞങ്ങൾക്ക് കാണിച്ചു തരിക. നിങ്ങളുടെ പ്രാർത്ഥനയും ഞങ്ങളോടു കാണിക്കുന്ന വാത്സല്യവും ഞങ്ങൾക്കാവശ്യമാണ്. ഞങ്ങളെപ്പോലെ ചിന്താകുലരാ-യിരിക്കുന്ന മറ്റു യുവജനങ്ങളുമായി വിവരങ്ങൾ പങ്കുവയ്ക്കുന്നതിൽ സഹായിക്കാനും നിങ്ങൾക്കു കഴിയും"

**ദൈവത്തിലുള്ള വിശ്വാസം**

മനുഷ്യർ തമ്മിലുള്ള ദൃഢഐക്യത്തിനായി ശക്തമായ ഒരു അടിത്തറ ദൈവത്തിൽ കണ്ടെത്താൻ കഴിയും, എന്നിട്ടും ദൈവത്തിലുള്ള വിശ്വാസം പല പ്പോഴും ചോദ്യം ചെയ്യപ്പെടുന്നു. പല വിശ്വാസി കൾക്കും തങ്ങളുടെ തൊഴിൽ, പഠന സ്ഥലങ്ങളിലും ചിലപ്പോൾ തങ്ങളുടെ കുടുംബങ്ങളിൽത്തന്നെയും ഈ നിഷേധാത്മക അനുഭവങ്ങളുണ്ടായിട്ടുണ്ട്.

തങ്ങളെ വ്യക്തിപരമായി സ്നേ ഹിക്കുന്ന ഒരു ദൈവത്തിൽ വിശ്വസിക്കാൻ കഴിയാത്ത പല ആളുക ളുണ്ട്. തികഞ്ഞ ആത്മാർത്ഥതയോടെ എനിക്ക് വിശ്വാ സമുണ്ടോയെന്ന് എങ്ങനെയറിയാൻ കഴിയുമെന്ന് ചോദിക്കുന്നവരും നിരവധിയാണ്. ഇന്ന് വിശ്വാസം ഒരു സാഹസമായാണ് കാണപ്പെടുന്നത്, വിശ്വസിക്കാനുള്ള ഒരു സാഹസം, വിശ്വാസം ഒന്നാമതായും സർവ്വ പ്രധാ നമായും അർത്ഥമാക്കുന്നത് സത്യങ്ങളെ മുറുകെപ്പിടി ക്കുകയെന്നതല്ല, അത് ദൈവവുമായുള്ള ഒരു ബന്ധ മാണ്[8]. അത് ദൈവത്തിന്റെ പ്രകാശത്തിലേക്ക് തിരി യാൻ നമ്മെ വിളിക്കുന്നു. അടിമത്തത്തിലേക്ക് നയി ക്കുകയോ ആത്മനിർവൃതിയെ അടിച്ചമർത്തുകയോ ചെയ്യുന്നതിൽ നിന്ന് വളരെ വ്യത്യസ്തമായി[9] വിശ്വാസം നമ്മെ സ്വതന്ത്രരാക്കുന്നു- ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, ദൈവം നമ്മെ ഭാരമേൽച്ചിരിക്കു ന്നവർക്കായി ശുശ്രൂഷാ ജീവിതം നയിക്കാനുള്ള സ്വാതന്ത്ര്യം.[10]

ദൈവത്തിലുള്ള വിശ്വാസം വളരുന്തോറും നമ്മുടെ ഹൃദയങ്ങൾ ലോകത്തെവിടെയുമുള്ള എല്ലാ സംസ്കാരങ്ങളിലുമുള്ള മാനവീയത ഉൾക്കൊള്ളാൻ തക്കവിധം വിശാലമാകും. നമ്മുടെ ഹൃദയങ്ങൾക്ക് ദുരിതങ്ങളെ കുറയ്ക്കാനും സമൂഹത്തെ പുരോഗതി യിലേക്ക് നയിക്കാനുമനുഭവിക്കുന്ന ശാസ്ത്ര സാങ്കേ തികവിദ്യകളെ സ്വാഗതം ചെയ്യാനും കഴിയും. സൂര്യനെപ്പോലെ, നമുക്ക് നോക്കാൻ കഴിയാത്തവിധം കണ്ണഞ്ചിപ്പിക്കുന്നവനാണ് ദൈവം . പക്ഷെ യേശു ദൈവത്തിന്റെ പ്രകാശത്തെ തന്നിലൂടെ പ്രശോഭിക്കാൻ അനുവദിക്കുന്നു. ബൈബിൾ മുഴുവനും നമ്മെ ഈ വിശ്വാസത്തിലേക്കാണ് നയിക്കുന്നത്. പൂർണ്ണമായും മനോ വ്യവഹാരാതീതനായ ദൈവം നമ്മുടെ മാനു ഷിക യാഥാർത്ഥ്യത്തിൽ പ്രവേശിച്ച് നമുക്ക് മനസ്സി ലാകുന്ന ഭാഷയിൽ നമ്മോട് സംസാരിക്കുന്നു.

ക്രൈസ്തവ വിശ്വാസത്തെ വ്യത്യസ്ത മാക്കുന്ന പ്രത്യേകതയെന്താണ്?. .യേശുവെന്ന വ്യക്തിയും അവനുമായുള്ള സജീവ ബന്ധവും ഇത് നമുക്കൊരിക്കലും മനസ്സിലാക്കിത്തീർക്കാൻ കഴിയില്ല.

**കൂട്ടായ്മയുടെ ക്രിസ്തു**

നാമെല്ലാവരും തീർത്ഥാടകരാണ്, സത്യത്തെ അന്വേഷിക്കുന്നവർ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നതുകൊണ്ട് സത്യം സ്വന്തമാക്കിയെന്ന് അർത്ഥ മില്ല, പക്ഷേ സത്യമായ അവിടത്തെ, അതിന്റെ പൂർണ്ണ വെളിപ്പെടുത്തലിലേയ്ക്ക് നമ്മെ കൈ പിടിച്ച് നയി ക്കാൻ അനുവദിക്കുന്നതാണ്.

ഇന്നും എന്നും അങ്ങേയറ്റം വിസ്മയകരമാം വിധം പുതിയതായ കാര്യം യേശു ദൈവത്തിന്റെ പ്രകാശം ലളിതമായ ജീവിതത്തിലൂടെ വെളിപ്പെടുത്തി യെന്നതാണ്. ദൈവിക ജീവൻ അവിടത്തെ കൂടുതൽ മനുഷ്യനാക്കി[11].തന്നെത്തന്നെ പൂർണ്ണമായി ലളിതമായ മനുഷ്യജീവിതത്തിലൂടെ വെളിപ്പെടുത്തിയ ദൈവം മനു ഷ്യനിലുള്ള തന്റെ വിശ്വാസം നവീകരിച്ചു, മാനവ സമൂഹത്തെ വിശ്വസിക്കാൻ നമ്മെ പ്രാപ്തരാക്കുക യും ചെയ്തു. അതിൽപ്പിന്നെ നമുക്ക് ലോകത്തെക്കു

7. മനസ്സിലാക്കുകയെന്നാൽ, ഉദാഹരണത്തിന് പാശ്ചാത്യരാജ്യങ്ങൾ ആഫ്രിക്കയ്ക്കു മാനുഷിക സഹായങ്ങൾ നല്കാനല്ല ആ ഭൂഖണ്ഡത്തിൽ നീതി ഉറപ്പാക്കാനാണ്. വിളിക്കപ്പെട്ടിരിക്കുന്നത്. ഇത് ഹെയ്തി പോലുള്ള മറ്റു രാജ്യങ്ങളുടെ കാര്യത്തിലും വളരെ സത്യമാണ്. കുലീനത്വവും ആധികാരിക വിശ്വാസമുള്ള ഹെയ്തിയിലെ ജനത ചരിത്രത്തിൽ ഏറ്റവുമധികം അനീതിപരിമായി പെരുമാറ്റം അനുഭവിക്കുകയും അപമാനിക്കപ്പെടുകയു ചെയ്ത ജനതകളിലൊന്നാണ്.

8. പല അവസരങ്ങളിലും ബനഡിക്ട് 16 ാം മൻ മാർപ്പാപ്പ വിശ്വാസത്തിന്റെ അട്സ്ഥാനമായി ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഉദാ: അദ്ദേഹം എഴുതി, "ക്രിസ്ത്യാനി ആയിരിക്കുകയെന്നത് ഒരു ധാർമ്മിക തെരഞ്ഞെടുപ്പിന്റെയോ മഹത്തായ ആശയത്തിന്റെയോ ഫലം അല്ല, പിന്നെയോ ഒരു സംഭവവുമായുള്ള, വ്യക്തിയുമായുള്ള കണ്ടുമുട്ടലാണ്. അത് ജീവിതത്തിന് പുതിയ ചക്രവാളവും തീരുമാനമുള്ള ദിശയും നൽകുന്നു" (ബെനഡിക്ട് 16-ാമൻ, ദേവൂസ് കാരിത്താസ് എസ്റ്റ്, ആമുഖം No. 1 (ദൈവം സ്നേഹ മാകുന്നു)

9. നമ്മുടെ വിശ്വാസം ഭയങ്ങളിൽ നിന്നും കണക്കുകൂട്ടലുകളിൽ നിന്നും നിരന്തരം ശുദ്ധീകരിക്കപ്പെടണം, ചിലപ്പോൾ സംശയവും വിശ്വാസവുമായുള്ള ആന്തരിക സംഘർഷത്തിലൂടെ നമ്മുടെ മനസ്സ് ഈ പോരാട്ടത്തിൽ പങ്കെടുക്കുന്നെങ്കിലും ലളിതമായ അർത്ഥജ്ഞാനമില്ലാത്ത പഠനത്തിൽ അത് തൃപ്തമല്ല. ഇതിനാലാണ് ഇന്ന് പല യുവജനങ്ങളും സഭാ പാരമ്പര്യങ്ങളെ ക്കുറിച്ചുള്ള പരാമർശങ്ങൾ കൊണ്ട് മാത്രം തൃപ്തരാകാത്തത് വിശ്വാസത്തിൽ വിശ്വാസമർപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ വ്യക്തിപരമായ പങ്കുചേരലും ബോദ്ധ്യവും അവർക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത കാര്യങ്ങളാണ്.

10. പൗലോസ് അപ്പസ്തോലൻ " ഞാൻ എല്ലാവരിലും നിന്നു സ്വതന്ത്രനാണെങ്കിലും വളരെപ്പേരെ നേടേണ്ടതിന് ഞാൻ എല്ലാവരുടെയും ദാസനയിത്തീർന്നിരിക്കുന്നു. (1 കോറി 9/19) എന്ന വാക്കുകളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് മാർട്ടിൻ ലൂതർ എഴുതി. "ക്രിസ്ത്യാനി ഒരു സ്വതന്ത്രനായ മനുഷ്യനാണ്. എല്ലാറ്റിന്റെയും അധികാരി , അവൻ ആർക്കും അധീനനല്ല. അനുസരണം നിറഞ്ഞ ദാസനായ ക്രിസ്ത്യാനി എല്ലാറ്റിനും അധീനനാണ്". (ലൂതർ, ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യം)

റിച്ചോ നമ്മെപ്പറ്റിത്തന്നെയോ നിരാശപ്പെടാൻ കഴിയുകയില്ല.

അക്രമത്തോട് പ്രതികരിക്കാതെ, അക്രമപരമായ മരണം സ്വീകരിച്ചുകൊണ്ട് വെറുപ്പ് മാത്രമുണ്ടായിരുന്നിടത്ത് യേശു ദൈവത്തിന്റെ സ്നേഹം കൊണ്ടുവന്നു[12]. കുരിശിൽ അവിടന്ന് വിധിയെയും നിഷ്ക്രിയത്വത്തെയും നിരാകരിച്ചു. അവസാനം വരെയും അവൻ സ്നേഹിച്ചു. സഹനത്തിന്റെ അഗ്രാഹ്യവും അയുക്തവുമായ സ്വഭാവത്തെ കൂട്ടാക്കാതെ തിൻമയെക്കാൾ വലിയവനാണ് ദൈവം എന്നവൻ വിശ്വസിച്ചു, മരണം അവസാനവാക്കല്ലെന്നും വൈരുദ്ധ്യമെന്നോണം അവന്റെ കുരിശിലെ സഹനം തന്റെ അതിരില്ലാത്ത സ്നേഹത്തിന്റെ പ്രതീകമായി[13].

ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു ക്രിസ്തു ഭൂതകാലത്തിന്റെ മാത്രം ഭാഗമല്ല, ഓരോ ദിവസവും അവൻ ഇവിടെ നമ്മോടൊപ്പമുണ്ട്. ദൈവത്തിന്റെ സ്വന്തം ജീവനോടെ ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന പരിശുദ്ധാത്മാവിനെ അവൻ വെളിപ്പെടുത്തുകയും ചെയ്യുന്നു.

നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രം നമ്മുടെ മധ്യേ സന്നിഹിതനായ ഓരോ വ്യക്തിയുമായും വ്യക്തിപരമായ സ്നേഹബന്ധമുള്ള ഉത്ഥിതനായ ക്രിസ്തുവാണ്. അവനിലേയ്ക്ക് നമ്മുടെ കണ്ണുകൾ തിരിക്കുന്നത് വിസ്മയവും നമ്മുടെ തന്നെ അസ്തിത്വത്തെക്കുറിച്ചുള്ള ആഴമായ അറിവുമുണർത്തും.

പ്രാർത്ഥനയിൽ നാം അവിടത്തെ പ്രകാശത്തെ നോക്കുമ്പോൾ അത് സാവധാനം നമ്മുടെയുള്ളിൽ പ്രകാശിച്ചു തുടങ്ങും. ക്രിസ്തുവിന്റെ രഹസ്യം നമ്മുടെ സ്വന്തം ജീവിതത്തിന്റെ രഹസ്യമായി മാറും. നമ്മുടെ ആന്തരിക വൈരുദ്ധ്യങ്ങളും ഭയങ്ങളും പാടെ ഇല്ലാതാകണമെന്നില്ല. പക്ഷെ പരിശുദ്ധാത്മാവിനാൽ ക്രിസ്തു നമ്മെക്കുറിച്ചുള്ള നമ്മുടെ ആകുലതകളിൽ പൂർണ്ണമായി പ്രവേശിച്ച് നമ്മുടെയുള്ളിലെ ഇരുണ്ട സ്ഥലങ്ങളിൽ പ്രകാശം പരത്തും[14]. പ്രാർത്ഥന ഒരേ സമയം നമ്മെ ദൈവത്തിലേക്കും ലോകത്തിലേക്കും നയിക്കുന്നു.

ഈസ്റ്റർ പ്രഭാതത്തിൽ ക്രിസ്തുവിനെ ജീവനോടെ കണ്ട മറിയം മഗ്ദലനയെപ്പോലെ ഈ സുവിശേഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു[15].

ലോകം മുഴുവനുമുള്ള എല്ലാ ഭാഷകളിലും രാജ്യങ്ങളിലും നിന്നുള്ള പുരുഷന്മാരേയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും ക്രിസ്തുവിന്റെ സമാധാനത്തിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് സഭയുടെ വിളി, സുവിശേഷം സത്യമാണ് പ്രഘോഷിക്കുന്നത് എന്നതിന്റെ അടയാളമാണ് സഭ. അത് പരിശുദ്ധാത്മാവിനാൽ ജീവിക്കുന്ന ക്രിസ്തുവിന്റെ ശരീരമാണ്. അത് കൂട്ടായ്മയുടെ "ക്രിസ്തുവിനെ സന്നിഹിതനാക്കും"[16].

മടുപ്പില്ലാതെ ശ്രവിക്കുകയും[17] സുഖപ്പെടുത്തുകയും അനുരഞ്ജനപ്പെടുകയും ചെയ്യുമ്പോൾ സഭ അങ്ങേയറ്റം ശോഭയുള്ളതാകും സനേഹത്തിന്റേയും ആർദ്രതയുടേയും ആശ്വാസത്തിന്റെയും കൂട്ടായ്മ, ഉത്ഥിതനായ ക്രിസ്തുവിന്റെ തെളിഞ്ഞ പ്രതിഫലനം. മാറി നിൽക്കാതെ പ്രതിരോധിക്കാതെ, എല്ലാ തരത്തിലുമുള്ള തീവ്രതകളിൽ നിന്നും സ്വതന്ത്രയായി സഭയ്ക്ക് വിനീതമായ വിശ്വാസം നമ്മുടെ മനുഷ്യഹൃദയങ്ങളിലേയ്ക്ക് പ്രകാശിക്കുന്നതിനിടയാക്കാൻ കഴിയും[18].

**ഭൂമിയുടെ ഉപ്പാകാനുള്ള ശ്രമം**

കൂട്ടായ്മയുടെ ക്രിസ്തു വന്നത് ക്രിസ്ത്യാനികളെ വേർതിരിച്ച് ഒറ്റപ്പെട്ട ഒരു സമൂഹമുണ്ടാക്കാനല്ല ; അവിടുന്ന് അവരെ മാനവസമൂഹത്തിന് വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും പുളിമാവായി ശുശ്രൂഷ ചെയ്യാൻ അയക്കുന്നു.[19] ക്രൈസ്തവരുടെയിടയിലുള്ള ദൃശ്യമായ കൂട്ടായ്മ അതിൽത്തന്നെ അവസാനിക്കുന്നില്ല. പിന്നെയോ മാനവരാശിയുടെ മദ്ധ്യേ ഒരടയാളമായി നിലകൊള്ളുന്നു. " നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു."[20]

തന്റെ കുരിശുമരണവും ഉത്ഥാനവും വഴി ക്രിസ്തു ഒരു പുതിയ ദൃഢഐക്യം എല്ലാ മനുഷ്യരുടെയുമിടയിൽ സൃഷ്ടിച്ചു. അവനിൽ പരസ്പരം എതിർക്കുന്ന ഗ്രൂപ്പുകളായുള്ള മനുഷ്യ സമൂഹത്തിന്റെ വിഭജനം തരണം ചെയ്യപ്പെട്ടുകഴിഞ്ഞു. അവനിൽ എല്ലാവരും ഒരു കുടുംബമായി [21] . ദൈവവുമായുള്ള

11. യേശു ഒരു വലിയ സാത്വികനായിരുന്നില്ല. അവൻ അത്ഭുതങ്ങൾ പ്രവർത്തിച്ചു. പ്രത്യേകിച്ച് രോഗശാന്തികൾ, പക്ഷേ കുരിശിലെ നിർണ്ണായക സമയത്ത് താൻ ദൈവമയച്ചവനെന്ന് അവന് തെളിയിക്കാൻ കഴിയുമായിരുന്ന സമയത്ത്, ദൈവം നിശബ്ദനായി. സഹിക്കുന്ന എല്ലാവർക്കും പരിചിതമായ ആ നിശബ്ദതയിൽ പങ്കുചേരാൻ അവൻ തയ്യാറായി. യേശു ഒരു പാവപ്പെട്ട മിശിഹാ ആയിരുന്നുവെന്ന് മനസ്സിലാക്കാൻ അവന്റെ ശിഷ്യന്മാർക്ക് ബുദ്ധിമുട്ടായിരുന്നു. അക്കാലത്തെ രാഷ്ട്രീയ, സാമൂഹിക സ്ഥിതികളെ അവൻ മാറ്റുമെന്ന് അവർ പ്രതീക്ഷിച്ചു. പ്രധാനമായും വേരോടെ പിഴുതെടുക്കാനാണ് അവൻ വന്നതെന്ന് അവർ തിരിച്ചറിഞ്ഞില്ല.

12. ''നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല. പീഢനമേറ്റപ്പോൾ ഭീഷണിപ്പെടുത്തിയില്ല. പിന്നെയോ, നീതിയോടെ വിധിക്കുന്നവനു തന്നെ ഭരമേൽപ്പിക്കുകയാണ് ചെയ്തത്." (1 പത്രോ : 2/23)

13. നിഷ്കളങ്കരുടെ അഗ്രാഹ്യമായ സഹനങ്ങൾ കാണുമ്പോൾ നമുക്ക് വാക്കുകളില്ലാതെയാകും. മാനവ ചരിത്രത്തിലങ്ങോളമിങ്ങോളം പ്രതിധ്വനിക്കുന്ന ചോദ്യം, കരച്ചിൽ നമ്മുടെ ഹൃദയങ്ങളേയും സ്പർശിക്കുന്നു. എവിടെയാണ് ദൈവം ? നമ്മുടെ പക്കൽ റെഡിമെയ്ഡ് ഉത്തരങ്ങളൊന്നുമില്ല, പക്ഷേ നമുക്ക് മരണത്തെ കീഴടക്കിയ നമ്മുടെ സഹനങ്ങളിൽ നമ്മോടൊപ്പമുള്ള ക്രസ്തുവിന്റെ പക്കൽ നമ്മെത്തന്നെ ഭരമേൽപ്പിക്കാം.

അനുരഞ്ജനത്തിന് മനുഷ്യർ തമ്മിലുള്ള അനുരഞ്ജനം ആവശ്യമാണ്[22].

പക്ഷെ ഉപ്പിന് അതിന്റെ ഉപ്പുരസം നഷ്ടപ്പെട്ടാൽ .. നമ്മൾ ക്രിസ്ത്യാനികൾ പലപ്പോഴും ക്രിസ്തുവിന്റെ ഈ സന്ദേശത്തെ അവ്യക്തമാക്കി വയ്ക്കുന്നവെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച്, വിഭജിക്കപ്പെട്ടിരിക്കുമ്പോൾ എങ്ങനെ നമുക്ക് സമാധാനം പ്രസരിപ്പിക്കാൻ കഴിയും?.

ചരിത്രത്തിൽ നാമെത്തി നിൽക്കുന്നത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഈ സന്ദേശം പുനരുജ്ജീവിപ്പിക്കേണ്ട ഒരു കാലഘട്ടത്തിലാണ്. ആദ്യമേയുള്ള ലാളിത്യത്തോടെ അതു പ്രകാശിക്കത്തക്ക വണ്ണം എല്ലാ തെറ്റിദ്ധാരണകളിൽ നിന്നും സ്വതന്ത്രമായി നമുക്ക് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യാനാവുമോ?

നമ്മുടെ വിശ്വാസത്തിൽ പങ്കുചേരാത്തവരും എന്നാൽ സത്യത്തെ പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുന്നവരുമായവരുടെ മേൽ ഒന്നും അടിച്ചേൽപ്പിക്കാതെ, അവരോട് തോളോടുതോൾ ചേർന്ന് യാത്ര ചെയ്യാൻ നമുക്ക് കഴിയുമോ ? ദൃഢഐക്യത്തിന്റ പുതിയ രൂപങ്ങൾ സൃഷ്ടിക്കാനും വിശ്വാസത്തിന്റെ വഴികൾ തുറക്കാനുമായുള്ള നമ്മുടെ ശ്രമത്തിൽ ഇന്നും എന്നും പരീക്ഷകളുണ്ടാകും. ചിലപ്പോൾ അവ നമുക്ക് താങ്ങാവുന്നതിലധികമായി തോന്നാം. അതുകൊണ്ട് നാമെന്താണ് ചെയ്യേണ്ടത്? വ്യക്തിപരമായും മറ്റുള്ളവർ സഹിക്കുന്നതുമായ പരീക്ഷണങ്ങളോടുള്ള നമ്മുടെ പ്രതികരണം കൂടുതൽ സ്നേഹിക്കുകയെന്നതല്ലേ?

**ബ്രദർ അലോയ്സ്**

14. ദൈവത്തിന്റെ പ്രകാശത്തെ മനനം ചെയ്യുന്നതായ പ്രാർത്ഥനയും ഒരു ശ്രവണമാണ്. വിശുദ്ധ ലിഖിതങ്ങളിലൂടെ നാം മനസ്സിലാക്കുന്നത് ദൈവം നമ്മോടു സംസാരിക്കുകയും ചിലപ്പോഴൊക്കെ നമ്മെ ചോദ്യം ചെയ്യുകയും ചെയ്യുമെന്നതാണ്. ചില നേരങ്ങളിൽ, ക്രിസ്തു നമുക്ക് സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്ന പാവപ്പെട്ട മനുഷ്യനാണ്. അവൻ പറയുന്നു. ഞാൻ വാതിലിൽ മുട്ടുന്നു (വെളിപാട് 3/20)

15. യോഹ – 20/11-18 നോക്കുക

16. "കൂട്ടായ്മയിലുള്ള ക്രിസ്തു "എന്നത് ബ്രദർ റോജറിന്റെ ഒരു പ്രയോഗമാണ്. ഇത് പോലെ തന്നെ ബെർലിനിൽ നിന്നുള്ള ദൈവശാസ്ത്രജ്ഞൻ ഡിയട്രിക് ബോൺ ഹോഫർ തനിക്ക് 21 വയസ്സുള്ളപ്പോൾ ഉപയോഗിച്ച മറ്റൊരു പ്രയോഗമാണ്. "ക്രിസ്തു കൂട്ടായ്മയായി നിലകൊള്ളുന്നു "എന്നത്. അദ്ദേഹം എഴുതി. ''ക്രിസ്തുവിലൂടെ മാനവ സമൂഹം ദൈവത്തിന്റെ കൂട്ടായ്മയിലേക്ക് പൂർണ്ണമായി ഒന്നു ചേർന്നിരിക്കുന്നു.'' (ബോൺ ഹോഫർ, സാങ്ങ്റ്റോറം കമ്മ്യൂണിയോ)

17. സഭയിലെല്ലായിടത്തും കേൾവിയുടെ ഒരു ശുശ്രൂഷ പുരുഷന്മാരും സ്ത്രീകളും പരിശീലിക്കുകയും അതിനായി തങ്ങളെത്തന്നെ അർപ്പിക്കുകുയം ചെയ്യാവുന്നാതാണ്. അത്മായർക്ക് ഇത്തരം ശ്രവണം ഏറ്റെടുക്കാൻ കഴിയും. ഇത് അഭിഷിക്ത ശുശ്രൂഷയ്ക്ക് പരസ്പര പൂരകമാകുകയും ചെയ്യും.

18. ബ്രദർ റോജർ, എല്ലാറ്റിലും ഹൃദയസമാധാനം

19. ഈ ശുശ്രൂഷ അർത്ഥമാക്കുന്നത് സമൂഹത്തെ മനുഷ്യത്വരഹിതമാക്കുന്ന പാതയ്ക്ക് വിപരീതമായി ദിശ എടുക്കണമെന്നാണെങ്കിലും അത് എപ്പോഴും എല്ലാറ്റിനുമുപരിയായി ഏറ്റെടുക്കുന്നു. ലോകത്തിലെ വിവിധ സംസ്കാരങ്ങളുമായും ചരിത്രപരമായ ഓരോ കാലഘട്ടത്തിലും ആദരവു നിറഞ്ഞ, ക്രിയാത്മകമായ സംവാദമായി നടത്തുന്നു.

20. മത്താ – 5/13

21. യോശു പറഞ്ഞു. '' ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും " (യോഹ 12/32)

പൗലോസ് അപ്പസ്തോലൻ പറയുന്നു. ''യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല". (ഗലാ – 3/28)

22. എഫേ 2/14 –18 നോക്കുക, ക്രിസ്തു ദൈവജനവും മറ്റുള്ളവരുമായുണ്ടായിരുന്ന ഭിന്നതയുടെ മതിലുകൾ തകർത്തു. എല്ലാവർക്കും ദൈവം സമീപസ്ഥനാണ്. ദൃഢഐക്യം ഒരു കുടുംബത്തിലോ രാജ്യത്തിലോ നിൽക്കുന്ന ഒന്നല്ല . അത് എല്ലാ പ്രാദേശിക, നിർദ്ദിഷ്ട താൽപര്യങ്ങൾക്കുമപ്പുറം എത്തുന്നു.

23. ഉദാഹരണമായി ജീവിതത്തിന്റെ അർത്ഥമെന്താണ്. ? എന്താണതിന് ദിശ നൽകുന്നത്.? എന്റെ അസ്തിത്വത്തെ ഐക്യപ്പെടുത്തുന്നത് ഏതു ലക്ഷ്യമാണ്. ? തുടങ്ങിയ ചോദ്യങ്ങൾ പങ്കുവയ്ക്കാം.

# 2015 ൽ പുതിയ ദൃഢഐക്യത്തിനായുള്ള ഒന്നിച്ചു വരവ്

അടുത്ത മൂന്നരവർഷങ്ങൾ നമ്മുടെ " ഭൂമിയിലെ വിശ്വാസത്തിന്റെ തീർത്ഥാടനം" ഈ കത്തിൽ പുതിയ ദൃഢഐക്യത്തിനായി പറഞ്ഞു വച്ചിരിക്കുന്ന ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള വഴികൾ അന്വേഷിക്കും.

വിശ്വാസികളോ അവിശ്വാസികളോ ആകട്ടെ സമാധാനത്തിന്റെയും സത്യത്തിന്റെയും തീർത്ഥാടകരെ ഒന്നിച്ചു കൊണ്ടുവരുന്ന പുതിയ ദൃഢഐക്യം. എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള യുവജനങ്ങളെ തങ്ങളുടെ ഉർജ്ജവും അഭിലാഷങ്ങളും ഉൾക്കാഴ്ചകളും അനുഭവങ്ങളും ഒരുമിച്ചുകൊണ്ടുവരാൻ പ്രാപ്തമാക്കുന്ന മൂന്നരവർഷം

2012 : മനുഷ്യരുടെയിടയിൽ വിശ്വാസത്തിനുള്ള വഴികൾ തുറക്കുന്നു

2013 : ദൈവത്തിലുള്ള വിശ്വാസത്തിന്റെ നീരുറവകൾ തുറക്കുന്നു,

2014 : ക്രിസ്തുവിനെ സ്നേഹിക്കുന്ന എല്ലാവരുടെയുമിടയിൽ ദൃശ്യമായ കൂട്ടായ്മ കണ്ടെത്തുന്നു.

**2015 : ഭൂമിയുടെ ഉപ്പാകുന്നു.**

ഈ അന്വേഷണത്തെ സംഗ്രഹിക്കാനും പുതിയ വേഗം സ്വായത്തമാക്കാനുമായി 2015 ഓഗസ്റ്റിൽ തെയ്സെയിൽ പുതിയ ദൃഢഐക്യത്തിനായുള്ള ഒന്നിച്ചുവരവ് തെയ്സെ കമ്മ്യൂണിറ്റിയുടെ 75-ാം വാർഷികം.

ബ്രദർ റോജറുടെ 100-ാം ജന്മദിനം. എല്ലാ ഭൂഖണ്ഡത്തിലും നടക്കുന്ന സമ്മേളനങ്ങളിലൂടെ, സാധ്യമാകുന്നിടത്തോളം യുവജനങ്ങളെ ശ്രവിച്ചുകൊണ്ട് ഈ ഒന്നിച്ചു വരവ് ഒരുക്കപ്പെടും.

---

**ഭൂമിയിലെ വിശ്വാസത്തിന്റെ തീർത്ഥാടനത്തിന്റെ വരാനിരക്കുന്ന ഘട്ടങ്ങൾ**

2012 മാർച്ച് 2 വെള്ളിയാഴ്ച മുതിർന്ന യുവ ജനങ്ങളുടെ ഒരു രാജ്യാന്തര ഗ്രൂപ്പുമായി ബ്രദർ അലോയ്സ് സഭകളുടെ ലോക കൗൺസിൽ സന്ദർശനത്തിനായി ജനീവയി ലേയ്ക്ക് പോകും.

2012 നവംബർ 14-18 വരെ റുവാണ്ടയിലെ കിഗാളിയിൽ ആഫ്രിക്കയിലെ മുതിർന്ന യുവ ജനങ്ങളുടെ 3-ാമത്തെ അന്താരാഷ്ട്ര സമ്മേളനം നടക്കും

2012 ഡിസംബർ 28 മുതൽ 2013 ജനുവരി 2വരെ മുതിർന്ന യുവജനങ്ങളുടെ 35-ാം യൂറോപ്യൻ സമ്മേളനം ഇറ്റലിയിലെ റോമിൽ വച്ച് നടക്കും

2013 ജനുവരി 4-6 വരെ കോൺസ്റ്റാന്റിനോപ്പിളിലെ സഭൈക്യ പാത്രിയർക്കീസ് ബാർത്തലോമിയോ ഒന്നാമനോടും അവിടുത്തെ ക്രൈസ്തവരോടു മൊപ്പം പൂജരാജാക്ക ന്മാരുടെ തിരുനാൾ ആഘോ ഷിക്കാൻ ബ്രദർ അലോയ്സ് വിവിധ ഭൂഖണ്ഡങ്ങളിൽ നിന്നു ള്ള ബ്രദേഴ്സിനോടും, യുവജനങ്ങളോടുമൊപ്പം ഇസ്താൻബൂളിലേയ്ക്ക് പോകും.

ബെർലിൻ സമ്മേളനത്തിന് ലഭിച്ച സന്ദേശങ്ങൾ കാണാൻ സന്ദർശിക്കുക.
www.taize.fr